ർ 2009
ം 26
...ദിവസവും മലയാള മനോരമയോടൊപ്പം സൗജന്യം

തൃശൂരിന്റെ മുഖപത്രം
മെട്രോ മനോരമ

ചെന്താമരപോലിവൾ 4



# ംഗനപട്ടം ചിന്നുവിനു സ്വന്തം

## രണ്ടാംസ്ഥാനം പൂജ വിജയന്, എസ് സുകന്യ മൂന്നാമത്.



...നും ഇമ്മാനുവൽ സിൽക്സും ചേർന്ന് തൃശൂരിൽ സംഘടിപ്പിച്ച മൽസരത്തിൽ അംഗനയാ...ട്ടെടുത്ത ചിന്നു കുരുവിളയെ മധുപാൽ, ശ്രീബാല കെ. മേനോൻ എന്നിവർ ചേർന്ന് കിരീടം... മലയാള മനോരമ മാർക്കറ്റിങ് സീനിയർ ജനറൽ മാനേജർ ജോയ് മാത്യു, തിരക്കഥാകൃ...കുമാർ, ഇമ്മാനുവൽ സിൽക്സ് എം.ഡി ടി.ഒ.ബൈജു എന്നിവർ സമീപം.

സ്വന്തം ലേഖകൻ

തൃശൂർ: ശാലീനതയും സംസ്കാരവും മലയാളത്തനിമയും ഇതൾവിരിഞ്ഞ അംഗന '09 മൽസരത്തിൽ പെർഫോമിങ് ആർട്സ് വിദ്യാർഥിനി ചിന്നു കുരുവിളക്ക് അംഗന പട്ടം. ചലച്ചിത്രതാരം കൂടിയായ പൂജ വിജയൻ രണ്ടാംസ്ഥാനവും എൽഎൽബി വിദ്യാർഥിനി എസ്. സുകന്യ മൂന്നാംസ്ഥാനവും സ്വന്തമാക്കി.

മെട്രോ മനോരമയും ഇമ്മാനുവൽ സിൽക്സും ചേർന്നു നടത്തിയ ഓണക്കാഴ്ചയോടനുബന്ധിച്ചു നടന്ന അംഗന മൽസരം പൂരനഗരിക്കു വേറിട്ട അനുഭവമായി.

പൂങ്കുന്നം അപ്പാർട്ട്മെന്റിൽ കുരുവിള ജോർജിന്റെയും ആനിയുടെയും മകൾ ചിന്നു പോണ്ടിച്ചേരി സെൻട്രൽ സർവകലാശാലയിൽ മാസ്റ്റർ ഇൻ പെർഫോമിങ് ആർട്സ് വിദ്യാർഥിനിയാണ്. സന്ദേശം ബാക്കിവയ്ക്കുന്ന സിനിമകൾ ഇഷ്ടപ്പെടുന്ന, സിനിമാ സംവിധായകയാകാൻ ആഗ്രഹിക്കുന്ന ചിന്നു മലയാളിത്ത ഭംഗിയുടെയും സംസ്കാരത്തിന്റെയും കാഴ്ചപ്പാടുകളിൽ വേറിട്ടുനിന്നതാണ് വിജയത്തിന് അടിസ്ഥാനമായതെന്ന് വിധികർത്താക്കൾ അഭിപ്രായപ്പെട്ടു.

കലാമണ്ഡലത്തിൽ എംഎ മോഹിനിയാട്ടം അവസാനവർഷ വിദ്യാർഥിനിയായ പൂജ വിജയൻ കിരാലൂർ ഞാറേക്കാട്ട് വീട്ടിൽ എൻ.കെ. വിജയന്റെയും വിലാസിനിയുടെയും മകളാണ്. തമിഴ്, കന്നഡ, മലയാളം സിനിമകളിൽ അഭിനയിച്ചിട്ടുള്ള പൂജ നൃത്തത്തോടുള്ള അഭിനിവേശം മൽസരത്തിൽ പ്രകടമാക്കി.

തൃശൂർ ലോ കോളജിൽ പഞ്ചവൽസര എൽഎൽബി ആറാം സെമസ്റ്റർ വിദ്യാർഥിനിയായ എസ്. സുകന്യ സുഹൃത്തുക്കളോടൊപ്പം തുടക്കമിട്ട സ്കൈ മാർട്ട് സെയിൽസ് ആൻഡ് സർവീസസ് എന്ന സ്ഥാപനത്തിലൂടെ അഞ്ഞൂറോളം പേർക്ക് തൊഴിലവസരമുണ്ടാക്കിയ സംരംഭകയാണെന്നു വെളിപ്പെടുത്തി വിധികർത്താക്കളെ ഞെട്ടിച്ചു.

സംവിധായകനും നടനുമായ മധുപാൽ, എഴുത്തുകാരിയും സംവിധായികയുമായ ശ്രീബാല കെ. മേനോൻ, തിരക്കഥാകൃത്ത് കെ. ഗിരീഷ്കുമാർ എന്നിവരായിരുന്നു വിധികർത്താക്കൾ. അംഗനയെ മൂവരും ചേർന്നു കിരീടമണിയിച്ചു. രണ്ടും മൂന്നും സ്ഥാനം നേടിയവർക്കുള്ള സമ്മാനങ്ങളും കാഷ് അവാർഡും അവസാന പത്തിൽ ഇടംനേടിയവർക്കുള്ള പ്രോൽസാഹന സമ്മാനങ്ങളും മലയാള മനോരമ മാർക്കറ്റിങ് സീനിയർ ജനറൽ മാനേജർ ജോയ് മാത്യു, ഇമ്മാനുവൽ സിൽക്സ് എം.ഡി ടി.ഒ.ബൈജു, ലുലു കൺവൻഷൻ സെന്റർ ജനറൽ മാനേജർ ജോസ് സെബാസ്റ്റ്യൻ എന്നിവർ ചേർന്നു വിതരണം ചെയ്തു. ഓണക്കാഴ്ച മെഗാഷോയിൽ നൂറുകണക്കിനു കാണികളെ സാക്ഷിയാക്കിയാണ് അംഗന കിരീടം ചൂടിയത്.